റാന്നി ഡിസ്പെൻസറി.

150. [28] ശ്രീ. ഇടിക്കുള ഇടിക്കുള : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

റാന്നി നിയോജകമണ്ഡലത്തിലെ വൈദ്യസഹായത്തിന്റെ അപര്യാപ്തതയ്ക്ക് തെല്ലാശ്വാസം കണ്ടെത്തുന്നതിന് റാന്നി പകുതിയിലെ ഏക ഡിസ്പെൻസറി ഒരു ഹോസ്പിറ്റലായി അപ്ഗ്രേഡ് ചെയ്യുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കാമോ?

ഉത്തരം.

റാന്നി ഡിസ്പെൻസറി ഒരു ഹോസ്പിറ്റലായി അപ്ഗ്രേഡ് ചെയ്യണമെന്ന് തൽക്കാലം ഉദ്ദേശമില്ല. റാന്നി പകുതിയിൽ കുന്നം എന്ന സ്ഥലത്ത് ഒരു ഡിസ്പെൻസറിയും, റാന്നിയിൽ ഒരു ആയുർവ്വേദവൈദ്യശാലയും തുറക്കുന്നതിനു വേണ്ട ഏർപ്പാടു ചെയ്തിട്ടുണ്ട്.

UNSTARRED QUESTIONS POSTED FOR ANSWER ON 24-3-1955.

മത്സ്യത്തൊഴിലാളികളുടെ ബുദ്ധിമുട്ട്.

151. [4] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ഡിസ്ട്രിക്ടിൽ പിന്നാക്കസമുദായത്തിൽപ്പെട്ട മത്സ്യം പിടിത്തത്തൊഴിലാളികളായ പടന്നമാക്കൽ പീച്ചിവെള്ളം നമ്പത്തം പുഴകളിൽനിന്നും മത്സ്യം പിടിക്കുവാൻ ബുദ്ധിമുട്ടുണ്ടെന്നുള്ള വിവരം ഗവണ്മെൻറിനെ ധരിപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇന്നു് അവരുടെ സംഘങ്ങളിൽനിന്നു് ടി ജലാശയങ്ങൾക്കു് ഗവണ്മെൻറിൽനിന്നും വസൂലാക്കിക്കൊണ്ടിരിക്കുന്ന സംഖ്യയിൽ പകുതി കുറവു ചെയ്യുവാനും, മൂന്നുവർഷത്തേക്കു് ഒരു നിശ്ചിത സംഖ്യക്കു് ഏല്പിച്ചുകൊടുക്കുവാനും വേണ്ട സഹായങ്ങൾ ചെയ്യുമോ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) അവരുടെ അപേക്ഷകളെ പരിഗണിച്ചു ഇപ്പോൾതന്നെ കുത്തകസംഖ്യയിൽ ന്യായമായ കുറവു ചെയ്യാണ കൊടുത്തിരിക്കുന്നതു് ഇതിലും കുറവുചെയ്തുകൊടുക്കുന്നതിനും മൂന്നുകൊല്ലത്തേക്കു് ഒരുമിച്ചുകൊടുക്കുന്നതിനും ഉദ്ദേശമില്ല. എന്നാൽ ഏതെങ്കിലും ഫിഷറിയുടെ പ്രവർത്തനത്തിൽ അവിചാരിതമായി നഷ്ടം സംഭവിക്കുകയാണെങ്കിൽ ആ വക സംഗതികൾ പ്രത്യേകം ആലോചിക്കുന്നതാണു്.

ഇരിഞ്ഞാലക്കുട ഗവണ്മെൻറ് ആശുപത്രി.

152. [5] ശ്രീ. കെ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.

(എ) ഈ വർഷത്തിൽ ഇരിഞ്ഞാലക്കുട ഗവണ്മെൻറാശുപത്രിയിൽ രജിസ്റ്ററിൽ ചേർത്തിട്ടുള്ള രോഗികളുടെ എണ്ണം എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആ ആശുപത്രിയിലുള്ള വാർഡുകൾ എത്ര; കട്ടിൽ എത്ര; ഡാക്ടർമാർ എത്ര; നേഴ്സുകൾ എത്ര;

(സി) ധാരാളം രോഗികൾ വരുന്ന ഈ ആശുപത്രിയിലെ വാർഡുകൾ കൂട്ടി വിപുലീകരിക്കുന്നതിന് ഗവണ്മെൻറ് മുൻകൈ എടുക്കുമോ?

ഉത്തരം.

(എ)	ഇൻപേഷ്യൻറ്സ്	2269
	ഔട്ടുപേഷ്യൻറ്സ്	59,513
(ബി)	വാർഡുകൾ	5
	കട്ടിൽ	69
	ഡാക്ടർമാർ	3
	നേഴ്സുകൾ	6

(സി) അതിനുവേണ്ട നടപടികൾ എടുത്തുവരികയാണ്.

ലാത്തിച്ചാർജ്ജുകൾ.

153. [6] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1945 ആഗസ്റ്റ് 15-നുശേഷം ഇതുവരെ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു ആകെ എത്ര ലാത്തിച്ചാർജ്ജുകൾ നടത്തിയിട്ടുണ്ട്;

(ബി) ഈ ലാത്തിച്ചാർജ്ജുകളുടെയെല്ലാം ഫലമായി എത്രപേർക്ക് അടി ഏറ്റിട്ടുണ്ടെന്നു ഗവണ്മെൻറ് വ്യക്തമാക്കുമോ;

(സി) എത്ര ലാത്തിച്ചാർജ്ജുകളെക്കുറിച്ചു പരസ്യാന്വേഷണം നടത്തണമെന്നു പൊതുജനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്;

(ഡി) ആവശ്യപ്പെട്ടതിൽ എത്ര സ്ഥലത്തു പരസ്യാന്വേഷണം നടത്തി;

(ഇ) പരസ്യാന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ അതിലേതിലെങ്കിലും ലാത്തിച്ചാർജ്ജു നടത്തുന്നതിനു നേതൃത്വം വഹിച്ച ഉദ്യോഗസ്ഥന്മാർ കുറ്റക്കാരാണെന്നു വല്ല റിപ്പോർട്ടും ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം.

(എ) 13.

(ബി, സി) ലാത്തിച്ചാർജ്ജുകൾമൂലം അടിയേറ്റവർ എത്രയെന്നുള്ളതിനെ സംബന്ധിച്ചോ, എത്ര ലാത്തിച്ചാർജ്ജുകളെ സംബന്ധിച്ചു പരസ്യാന്വേഷണം ആവശ്യപ്പെട്ടിരുന്നുവെന്നതിനെ സംബന്ധിച്ചോ പ്രത്യേക വിവരങ്ങൾ ഇല്ല.

(ഡി) കൊച്ചിയിൽ രാജേന്ദ്രമൈതാനത്തു നടന്ന ലാത്തിച്ചാർജ്ജിനെപ്പറ്റി അന്വേഷണം നടത്തി.

(ഇ) അന്വേഷണത്തിൽ ഒരു ഉദ്യോഗസ്ഥനും കുറ്റക്കാരനെന്നു കണ്ടില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly